സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 195 2024 നവംബർ 22 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## മുനമ്പം ഭൂമി കേസ്: ഭൂവുടമയുടെ മകൻ കക്ഷിചേരും; മാധ്യമങ്ങൾക്ക് വിലക്ക്

കോഴിക്കോട്: കോഴിക്കോട് വഖഫ് ട്രിബ്യൂണലിൽ മാധ്യമങ്ങൾക്ക് വിലക്ക്. മുനമ്പം കേസിലെ കോടതി നടപടികൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ട്രൈബ്യൂണൽ ചെയർമാൻ രാജൻ തട്ടിൽ നിർദേശം നൽകി. മുനമ്പം കേസിൽ ഫറൂഖ് കോളേജ് മാനേജ്മെന്റിന്റെ അപ്പീൽ ട്രിബ്യൂണൽ വെള്ളിയാഴ്ച പരി?ഗണിക്കുകയാണ്. ഫറൂഖ് കോളേജ് മാനേജ്മെന്റിന്റെ രണ്ട് ഹർജികൾ ട്രൈബ്യൂണൽ പരിഗണിക്കും. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്നുള്ളതാണ് ഫറൂഖ് കോളേജ് മാനേജ്മെന്റിന്റെ വാദം. 2019ൽ മുനമ്പം വഖഫ് ഭൂമിയാണെന്ന് വിജ്ഞാപനം ചെയ്തുകൊണ്ടുള്ള വഖഫ് ബോർഡിന്റെ വിധി, ഭൂമിയിൽ നികുതി പിരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള തീരുമാനം എന്നീ രണ്ട് ഉത്തരവുകളും പിൻവലിക്കണമെന്നാണ് ഫറൂഖ് കോളേജ് മാനേജ്മെന്റിന്റെ ഹർജികൾ.

## പെരിന്തൽമണ്ണയിൽ സ്കൂട്ടർ ഇടിച്ചു വീഴ്ത്തി; സ്വർണ്ണക്കവർച്ച

# നാലുപേർ തൃശ്ശൂരിൽ പിടിയിൽ

തൃശ്ശൂർ: പെരിന്തൽമണ്ണയിൽ ജ്വല്ലറി ഉടമയെ ആക്രമിച്ചു സ്വർണം കവർന്ന കേസിലെ നാലുപേർ തൃശ്ശൂർ ഈസ്റ്റ് പോലീസിന്റെ പിടിയിലായി. കണ്ണൂർ സ്വദേശികളായ പ്രബിൻ ലാൽ, ലിജിൻ രാജൻ, തൃശ്ശൂർ വരന്തരപ്പള്ളി സ്വദേശികളായ സതീശൻ, നിഖിൽ എന്നിവരാണ് കസ്റ്റഡിയിലുള്ളത്. ഇവരെ തൃശ്ശൂർ ഈസ്റ്റ് പൊലീസ് ചോദ്യം ചെയ്തുവരികയാണ്. എന്നാൽ ഇവരിൽ നിന്നും സ്വർണം കണ്ടുകിട്ടിയിട്ടില്ല. അഞ്ചുപേർ കൂടി കവർച്ചാ സംഘത്തിലുണ്ടായിരുന്നുവെന്നാണ് സൂചന.

പെരിന്തൽമണ്ണയിൽ വ്യാഴാഴ്ച സ്കൂട്ടറിൽ പോകുകയായിരുന്ന ജ്വല്ലറി ഉടമയെ ആക്രമിച്ച് സ്വർണ്ണം കവർന്ന സംഘമാണ് പിടിയിലായത്. എം.കെ. ജ്വല്ലറി ഉടമ യൂസഫിനെയും സഹോദരൻ ഷാനവാസിനെയും ആക്രമിച്ചാണ് സംഘം സ്വർണ്ണം കവർന്നത്. കാറിൽ എത്തിയ സംഘം സ്കൂട്ടറിൽ സഞ്ചരിച്ചിരുന്ന ഇവരെ ഇടിച്ചു വീഴ്ത്തിയ ശേഷമാണ് സ്വർണം കവർന്നത്.

പെരിന്തൽമണ്ണ പട്ടാമ്പി റോഡിൽ അലങ്കാർ തിയേറ്ററിന് സമീപം രാത്രി ഒമ്പതോടെയാണ് സംഭവമുണ്ടായത്. പതിവുപോലെ ജൂവലറി അടച്ചശേഷം സ്കൂട്ടറിൽ വീട്ടിലേക്ക് പോവുകയായിരുന്നു ജ്വല്ലറി ഉടമ. കാറിൽ ഇരുവരെയും പിന്തുടർന്നെത്തിയ സംഘം ആദ്യം കാറുപയോഗിച്ച് സ്കൂട്ടർ ഇടിച്ചിടുകയായിരുന്നു. അലങ്കാർ കയറ്റത്തിലെ വളവിൽ ഇവരുടെ വീടിന് മുന്നിലെ ഗെയിറ്റിൽ സ്കൂട്ടർ എത്തിയ ഉടനെയായിരുന്നു ആക്രമണം.

കാർ ഇടിച്ചതോടെ സ്കൂട്ടർ മറിഞ്ഞു. കാറിലുണ്ടായിരുന്നവർ യൂസഫിന്റെ മുഖത്ത് കുരുമുളക് സ്പ്രേ അടിക്കുകയും മുഖത്തിടിക്കുകയും ചെയ്തശേഷം സ്വർണമടങ്ങിയ ബാഗ് തട്ടിപ്പറിച്ച് ചെർപ്പുളശ്ശേരി ഭാഗത്തേക്കുവന്ന കാറിൽത്തന്നെ കടന്നു. ജ്വല്ലറി മുതൽ തന്നെ കാറിൽ പിന്തുടരുന്നുണ്ടായിരുന്നുവെന്ന് വ്യക്തമാകുന്ന സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

ഊട്ടി റോഡിലെ കെ.എം. ജൂവലറി ബിൽഡിങ് ഓടിട്ട കെട്ടിടത്തിലായതിനാൽ ആഭരണങ്ങൾ കടയിൽ സൂക്ഷിക്കാതെ രാത്രി ഉടമയുടെ വീട്ടിലേക്ക് ബാഗിലാക്കി കൊണ്ടുപോകുകയാണ് പതിവ്. നഷ്ടപ്പെട്ട സ്വർണത്തിന് രണ്ടരക്കോടി രൂപയിലധികം വിലവരുമെന്നാണ് വിവരം. പരിക്കേറ്റ യൂസഫ് സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടി.

## ഭരണഘടന അധിക്ഷേപ പ്രസംഗത്തിൽ ഇനി രാജി വേണ്ട; പാർട്ടി സജി ചെറിയാനൊപ്പം

തിരു: ഭരണഘടന അധിക്ഷേപപ്രസംഗത്തിൽ സജി ചെറിയാൻ രാജി വയ്ക്കേണ്ടെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റിൽ തീരുമാനം. വിഷയം നിയമപരമായി നേരിടും. ഇതിനായി അഡ്വക്കറ്റ് ജനറലിൻറെ നിയമോപദേശം തേടും. മന്ത്രിയായതിനാൽ പ്രത്യേക ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് കോടതി പറഞ്ഞു. മന്ത്രിയായിതന്നെ തുടരാമെന്നാണ് അതിനർഥം. ക്രൈംബ്രാഞ്ച് അന്വേഷണം മതിയെന്നത് കേരള പൊലീസിൻറെ വിശ്വാസ്യതയെ കാണിക്കുന്നുവെന്നും പാർട്ടി. അതേസമയം. സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റിൽ സജി ചെറിയാൻ പങ്കെടുത്തിരുന്നില്ല. ചേർത്തല ഏരിയ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാൽ വിട്ടുനിൽക്കുന്നു എന്നായിരുന്നു വിശദീകരണം.

2022 ജൂലൈയിൽ പ്രസംഗ വിവാദം ഉയർന്ന ഘട്ടത്തിലും സജി ചെറിയാൻ മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടെന്നായിരുന്നു സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചത്. അന്നത്തെ യോഗം കഴിഞ്ഞു പുറത്തേക്കിറങ്ങിയ സജി ചെറിയാൻ എന്തിനു രാജിവയ്ക്കണമെന്നാണ് മാധ്യമങ്ങളോടും പ്രതികരിച്ചത്. എന്നാൽ സിപിഎം മന്ത്രിയുടെ ഭരണഘടനാ അധിക്ഷേപം ബിജെപി ദേശീയ തലത്തിൽ ചർച്ചയാക്കുമെന്നതടക്കം ചൂണ്ടിക്കാട്ടി പാർട്ടി കേന്ദ്രനേതൃത്വം ശക്തമായി ഇടപെട്ടതോടെയാണ് അന്നു വൈകിട്ടു തന്നെ മന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടി വന്നത്.

ഭരണഘടനാമൂല്യങ്ങളെ ഇകഴ്ത്തിക്കാണിക്കുന്ന പരാമർശങ്ങളാണ് സജി ചെറിയാൻ പ്രസംഗത്തിൽ നടത്തിയതെന്ന് ചൂണ്ടിക്കാട്ടി അഡ്വക്കറ്റ് ബൈജു നോയൽ നൽകിയ ഹർജിയിലാണ് ഈ വിഷയം വീണ്ടും അന്വേഷിക്കാൻ ഹൈക്കോടതി നിർദേശം നൽകിയത്. 2022 ജൂലൈ മൂന്നിന് പത്തനംതിട്ട മല്ലപ്പള്ളിയിൽ സിപിഎം ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച ചടങ്ങിലായിരുന്നു സജി ചെറിയാന്റെ വിവാദ പ്രസംഗം. പ്രസംഗത്തിലെ കുന്തം, കുടച്ചക്രം എന്നീ പ്രയോഗങ്ങൾ സാന്ദർഭികമായി ഉപയോഗിച്ചതാണെന്നും, ഭരണഘടനയെ അവഹേളിക്കുന്നതല്ലെന്നുമായിരുന്നു സർക്കാർ കോടതിയിൽ പറഞ്ഞത്. ഈ പ്രസംഗത്തിൽ സജി ചെറിയാൻ ഭരണഘടനയെ അവഹേളിച്ചിട്ടില്ലെന്നാണ് പൊലീസ് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്. കോടതി പക്ഷേ അത് റദ്ദാക്കി. ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു. ചെറിയാന്റെ വാക്കുകൾ നല്ല ഭാഷയിലല്ലെന്ന് നിരീക്ഷിച്ച കോടതി ഭരണഘടനയെ മാനിക്കുന്നതല്ല പ്രസ്താവനയെന്നും വിലയിരുത്തി.

## നഴ്സിംഗ് വിദ്യാർത്ഥിനിയുടെ മരണം; സഹപാഠികളുടെ അറസ്റ്റ് രേഖപ്പെടുത്തി

പത്തനംതിട്ട: നഴ്സിംഗ് വിദ്യാർത്ഥിനി അമ്മു സജീവിന്റെ മരണത്തിൽ മൂന്ന് സഹപാഠികളുടെ അറസ്റ്റ് രേഖപ്പെടുത്തി. ചുട്ടിപ്പാറ എസ്എംഇ നഴ്സിംഗ് കോളേജിലെ നാലാംവർഷ വിദ്യാർത്ഥികളായ അലീന ദിലീപ്, എ ടി അക്ഷിത, അഞ്ജന മധു എന്നിവരാണ് അറസ്റ്റിലായത്. ഇവരെ ഇന്നലെയാണ് കസ്റ്റഡിയിലെടുത്തത്.

മൂന്ന് പേർക്കുമെതിരെ ആത്മഹത്യാപ്രേരണക്കുറ്റം ചുമത്തി. ഇവരുടെ വിശദമായ മൊഴിയെടുത്ത ശേഷം കൂടുതൽ വകുപ്പുകൾ ചുമത്തിയേക്കും. സാമ്പത്തികമായി ബന്ധപ്പെട്ട വിഷയങ്ങളിലടക്കം മൂന്ന് പേരും അമ്മുവിനെ കുറ്റപ്പെടുത്തിയിരുന്നുവെന്നാണ് വിവരം.

ഈ മാസം 15നാണ് ഹോസ്റ്റൽ കെട്ടിടത്തിൽ നിന്ന് താഴേക്ക് ചാടി അമ്മു ജീവനൊടുക്കിയത്. സഹപാഠികളായ മൂന്ന് പേരുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളാണ് അമ്മുവിന്റെ മരണത്തിന് ഇടയാക്കിയതെന്ന് കാണിച്ച് പിതാവ് സജീവ് നേരത്തെ പൊലീസിൽ പരാതി നൽകിയിരുന്നു. പ്രശ്നങ്ങൾ സംബന്ധിച്ച് മുമ്പ്പരാതി നൽകിയിരുന്നെങ്കിലും കോളേജ് അധികൃതരുടെ ഭാഗത്ത് നിന്ന് ഇടപെടലുകളുണ്ടായില്ലെന്നും കുടുംബം ആരോപിച്ചിരുന്നു.

അമ്മു കെട്ടിടത്തിൽ നിന്ന് ചാടിയെന്ന്, 4.30ന് സഹപാഠികൾ ടീച്ചറെ വിളിച്ചറിയിച്ചെന്നാണ് കോളേജ് അധികൃതർ മൊഴി നൽകിയിരിക്കുന്നത്. എന്നാൽ രണ്ടര കിലോമീറ്റർ അകലെയുള്ള പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അമ്മുവിനെ എത്തിച്ചത് 5.15നാണ്. ആശുപത്രിയിലെത്തിക്കാൻ കൂടുതൽ സമയമെടുത്തതായും ആശുപത്രിയിൽ ഒന്നര മണിക്കൂറിലേറെ കിടത്തിയിരുന്നതായും റിപ്പോർട്ടുകളുണ്ട്.

ഗുരുതരമായി പരിക്കേറ്റ അമ്മുവിനെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റാൻ തടസം നിന്നവരെ ചോദ്യം ചെയ്യണമെന്നും അമ്മുവിന്റെ മാതാപിതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. മകളുടെ അപകടമറിഞ്ഞ് കോളേജിലേക്ക് പോകുന്നതിനിടയിൽ ഹോസ്റ്റൽ വാർഡനെ വിളിച്ചിട്ടും ഫോൺ എടുത്തില്ല.നിരന്തരം വിളിച്ചു, ഒടുവിൽ ഫോൺ എടുത്തു. ടെറസിൽ തുണിയെടുക്കാൻ പോയപ്പോൾ കാൽ വഴുതി വീണെന്നാണ് വാർഡൻ പറഞ്ഞതെന്ന് അമ്മുവിന്റെ അമ്മ രാധാമണി മൊഴി നൽകിയിട്ടുണ്ട്.

## വീണ്ടും കുതിച്ച് സ്വർണവില

തിരു: സംസ്ഥാനത്തെ സ്വർണവില വീണ്ടും കുതിക്കുന്നു. പവന് 640 രൂപയാണ് ഇന്ന് മാത്രം കൂടിയത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 4 ദിവസത്തിനിടെ കൂടിയത് 2320 രൂപയാണ്. 57800 രൂപയാണ് നിലവിൽ ഒരു പവൻ സ്വർണത്തിന്റെ വില. ഇടയ്ക്ക് നേരിയ കുറവുണ്ടായെങ്കിലും , നവംബർ 18 മുതൽ സ്വർണവിലയിൽ തുടർച്ചയായ കുതിപ്പാണ് രേഖപ്പെടുത്തുന്നത്.

ഇന്നത്തെ സ്വർണവില ഗ്രാമിന് 7225 എന്ന നിരക്കിലാണ്. ഒരു ഗ്രാം സ്വർണത്തിന്റെ വിലയിൽ ഇന്ന് 80 രൂപയുടെ വർധനവുണ്ടായി. 24 കാരറ്റ് സ്വർണത്തിന് ഗ്രാമിന് 7882 രൂപ കൊടുക്കണം. നവംബർ മാസത്തിന്റെ ആരംഭത്തിൽ സ്വർണവില 59,080 ആയിരുന്നു. എന്നാൽ ഒരാഴ്ച്ച പിന്നിട്ടതോടെ, ഏകദേശം 1500 രൂപയോളം കുറഞ്ഞ് വില 57,600 രൂപയായി താഴ്ന്നു.

## ട്രെയിൻ തട്ടി വയോധിക മരിച്ചു: ഒരാൾക്ക് പരിക്ക്

ചാലക്കുടി: മുരിങ്ങൂർ ഡിവൈൻ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിടിച്ച് വയോധിക മരിച്ചു. ഒരു സ്ത്രീക്ക് പരിക്കേറ്റു. കാസർഗോഡ് സ്വദേശി റോസമ്മ (75) യാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ പറവൂർ സ്വദേശിനി ഉഷയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ട്രെയിനിടിച്ച് പരിക്കേറ്റ ഇരുവരും അര മണിക്കൂറോളം ട്രാക്കിൽ കിടന്നു.പോലീസ് എത്തിയാണ് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

## 'എന്നിട്ട് എന്തു നേടി'; വയനാട് ഹർത്താലിൽ രൂക്ഷവിമർശനവുമായി ഹൈക്കോടതി

കൊച്ചി: വയനാട്ടിൽ എൽ.ഡി.എഫും യു.ഡി.എഫും ചൊവ്വാഴ്ച നടത്തിയ ഹർത്താലിൽ രൂക്ഷവിമർശനവുമായി ഹൈക്കോടതി. ദൈവത്തിന്റെ സ്വന്തം നാട്ടിൽ എന്ത് നടക്കുന്നുവെന്ന് ദൈവത്തിനു പോലും അറിയാത്ത അവസ്ഥയാണെന്ന് കോടതി പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദേശീയദുരന്തമായി പ്രഖ്യാപിക്കില്ലെന്ന കേന്ദ്രനിലപാടിൽ പ്രതിഷേധിച്ചായിരുന്നു ഹർത്താൽ.

വയനാട് പുനർനിർമാണവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കവേയാണ് ഹൈക്കോടതി സർക്കാരിനെയും പ്രതിപക്ഷത്തെയും ഒരുപോലെ വിമർശിച്ചത്. ഹർത്താൽ കൊണ്ട് എന്തു നേടിയെന്നും കോടതി ചോദിച്ചു.

ടൂറിസം ഡെസ്റ്റിനേഷനെന്ന നിലയിൽ ദൈവത്തിന്റെ സ്വന്തം നാടെന്നാണ് കേരളം അറിയപ്പെടുന്നത്. എന്നാൽ, ഇവിടെ എന്ത് നടക്കുന്നുവെന്ന് ദൈവത്തിനുപോലും അറിയില്ല. ഭരണകക്ഷി ഹർത്താൽ നടത്തിയത് എന്തിനാണ്? മിന്നൽ ഹർത്താൽ നടത്തില്ലെന്ന പ്രതിപക്ഷകക്ഷിയുടെ ഉറപ്പും പാലിക്കപ്പെട്ടില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.

ഇനിയും ഹർത്താൽ നടത്തരുതെന്ന് സർക്കാരിനോട് നിർദേശിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് കോടതി ആവശ്യപ്പെട്ടു. ഇക്കാര്യം പ്രതിപക്ഷത്തെയും അറിയിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

## 2219 കോടി രൂപ ആവശ്യം പരിഗണനയിൽ; വയനാട് ദുരന്തത്തിൽ സത്യവാങ്മൂലവുമായി കേന്ദ്രസർക്കാർ

കൊച്ചി: വയനാട് ദുരന്തത്തിൽ സത്യവാങ്മൂലവുമായി കേന്ദ്രസർക്കാർ. നവംബർ 13-നാണ് സംസ്ഥാനസർക്കാർ വിശദമായ റിപ്പോർട്ട് നൽകിയത്. 2219 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ റിപ്പോർട്ട് പരിഗണനയിലാണെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു. രക്ഷാപ്രവർത്തനത്തിനെത്തിയ വ്യോമസേനയുടെ ബിൽ പ്രകാരമുള്ള തുക നൽകാൻ തീരുമാനിച്ചുവെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു.

വയനാട് ദുരന്തത്തിന്റെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് റിപ്പോർട്ട് ഈ മാസം 13-നാണ് സംസ്ഥാന സർക്കാർ വിശദമായ സമർപ്പിച്ചത്. ആ റിപ്പോർട്ടിലാണ് 2219 കോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നത്. ദുരന്തത്തിന് ശേഷമുള്ള പുനർനിർമാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആവശ്യം സർക്കാറിന്റെ പരിഗണനയിലാണെന്നും ഇക്കാര്യത്തിൽ ചട്ടങ്ങളുടേയും മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ തീരുമാനം എടുക്കുമെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

ഇതിനൊപ്പം കേന്ദ്രസർക്കാർ സംഘം ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചതിനേത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനങ്ങളും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നുണ്ട്. ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്ന് 153.467 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു. പക്ഷേ, ഇതിന്റെ 50 ശതമാനം സംസ്ഥാന ദുരന്തനിവാരണ ഫണ്ടുമായി അഡ്ജസ്റ്റ് ചെയ്യും. വ്യോമസേന വിമാനങ്ങൾ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തിരുന്നു, ഇതിന് സേന നൽകിയ ബിൽ സെറ്റിൽ ചെയ്യും. അവശിഷ്ടങ്ങൾ നിക്കം ചെയ്യാൻ വലിയ യന്ത്രസാമഗ്രികൾ ഉപയോഗിച്ചിരുന്നു. അതിന് വേണ്ടിവന്ന ചെലവും കൊടുക്കാനായി തീരുമാനിച്ചു. ഈ മൂന്ന് കാര്യങ്ങൾക്ക് ഫണ്ട് റിലീസ് ചെയ്യാൻ തീരുമാനിച്ചുവെന്നും സത്യവാങ്മൂലത്തിലുണ്ട്.

സംസ്ഥാനസർക്കാർ താല്കാലികമായി 214 കോടി ആവശ്യപ്പെട്ടിരുന്നു. എന്നാൽ അത് എന്ന് നൽകുമെന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നില്ല. സംസ്ഥാനസർക്കാർ ആവശ്യപ്പെട്ട തുകയിൽ ഒരു രൂപ പോലും നൽകിയിട്ടില്ലെന്നാണ് സത്യവാങ്മൂലം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്.

## ലോറി മറിഞ്ഞ് അപകടം

ആമ്പല്ലൂർ: പാലിയേക്കരയിൽ മണലി - മടവാക്കര റോഡിൽ ലോറി മറിഞ്ഞു. പുലർച്ചെയായിരുന്നു അപകടം. ആർക്കും പരിക്കില്ല. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം ഇവിടെ അപകടങ്ങൾ ആവർത്തിക്കുന്നതായി പ്രദേശവാസികൾ.

## എ ഐ ക്യാമറ കണ്ടെത്തിയ നിയമലംഘനത്തിൽ കിട്ടാനുള്ളത് 500 കോടി രൂപ; പിടിമുറുക്കാൻ എം വി ഡി

തിരു: കേരളത്തിൽ എ. ഐ ക്യാമറ വെച്ചിട്ട് വെറും 15 മാസം. ഈ ചുരുങ്ങിയ കാലയളവിലെ ഞെട്ടിക്കുന്ന ഒരു കണക്ക് പറയാം. ഇതുവരെ ഈ ക്യാമറകളിൽ കുടുങ്ങിയത് 80 ലക്ഷത്തിലധികം ആളുകളാണ്. നിയമം ലംഘിക്കാനുള്ളതാണെന്ന പഴയ കാലത്തിന്റെ അഹങ്കാരം പേറുന്നവർ ഒന്ന് അറിയണം. ട്രാഫിക് നിയമലംഘനങ്ങൾ നിങ്ങളുടെയോ മറ്റൊരാളുടെയോ ജീവനെടുത്തേക്കാം.

കഴിഞ്ഞ 15 മാസത്തെ മാത്രം ചരിത്രം നോക്കാം. 2023 ജൂലായിലാണ് ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നത്. ക്യാമറയിൽ എങ്ങനെ കുടുങ്ങാതിരിക്കാം എന്നതായിരുന്നു ആദ്യകാലത്തെ ഗവേഷണം. ക്യാമറയില്ലാത്ത വഴികൾ കണ്ടെത്തിയും ക്യാമറയെ കബളിപ്പിച്ചും നമ്മൾ കുതിച്ചുപാഞ്ഞു. അപ്പോഴും ഗതാഗത വകുപ്പ് പറഞ്ഞു. ക്യാമറ വന്നതിന് ശേഷം നിയമലംഘനത്തിൽ കുറഞ്ഞെന്ന്. എന്തായിരിക്കണം അപ്പോൾ ഇതിനു മുമ്പുള്ള അവസ്ഥ.

നാഷണൽ ഹൈവേയുടെ നിർമാണം. ക്യാമറ സ്ഥാപിച്ച കെൽട്രോണിന് പണം കൊടുക്കാതിരുന്നത്. കാര്യങ്ങൾ ഇഴഞ്ഞു നീങ്ങിയതോടെ ക്യാമറയെ ജനം വകവെക്കാതായി. ഇനിയെങ്കിലും അറിയുക. കെൽട്രോണിന് സർക്കാർ പണം നൽകിക്കഴിഞ്ഞു. ക്യാമറ വീണ്ടും പണി തുടങ്ങി. ഇനി വിട്ടുവീഴ്ച്ചയില്ലെന്ന് ഗതാഗത വകുപ്പും പറയുന്നു. ചലാനുകൾ ഒന്നിന് പുറകെ ഒന്നായി വരാനിരിക്കുകയാണ്. ഒരു ന്യായീകരണവും ഇനി നടക്കില്ല.

2023 ജൂലായിലാണ് 232 കോടി രൂപ ചെലവിൽ 732 എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നത്. പിഴയടക്കാനുള്ള ചലാനും കെൽട്രോണാണ് അയക്കുന്നത്. ഇതിനായി മൂന്നു മാസത്തിലൊരിക്കൽ 11.6 കോടി രൂപ സർക്കാർ നൽകണമെന്നാണ് കരാർ. ഇതു മുടങ്ങിയതാണ് ജനം ക്യാമറയെ നോക്കുകുത്തിയാക്കി ഇത്രയും കാലം വണ്ടിയോടിച്ചത്. ഇനിയതു നടക്കില്ല.

ക്യാമറ കണ്ടെത്തിയിട്ടുള്ള 80 ലക്ഷം നിയമലംഘകരിൽ നിന്നായി 500 കോടി രൂപ പിഴയീടാക്കാനുണ്ടെന്നാണ് കണക്കുകൾ. ചലാൻ വരുമുമ്പ് ഈ 80 ലക്ഷത്തിൽ നിങ്ങളുമുണ്ടോയെന്ന് അറിയാൻ എം പരിവാഹൻ സൈറ്റിൽ കയറി പരിശോധിക്കുന്നത് നല്ലതായിരിക്കും. പിഴയടയ്ക്കേണ്ടവർക്ക് പഴയ രീതികൾ പിന്തുടരാം. വാഹന ഉടമയുടെ മൊബൈൽഫോണിൽ എസ്.എം.എസായി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് ഓൺലൈനായോ സബ് ആർ.ടി. ഓഫീസുകളിൽ നേരിട്ടുപോയോ പിഴയടയ്ക്കാം. എസ്.എം.എസായി ലഭിച്ച ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ എം. പരിവാഹൻ സൈറ്റിലേക്കാണ് എത്തുക. ഇതിൽ ചലാൻ നമ്പർ ടൈപ്പ്ചെയ്താൽ മൊബൈലിൽ ലഭിക്കുന്ന ഒ.ടി.പി. നമ്പർ ഉപയോഗിച്ച് പിഴയടച്ച് രസീത് ഡൗൺലോഡു ചെയ്തെടുക്കാം. ചലാൻ ലഭിച്ച് ഏഴുദിവസത്തിനകം പിഴയടക്കമെന്നാണ് വ്യവസ്ഥ.

## 'ഹേമ കമ്മിറ്റിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണം തടയാൻ ശ്രമം'; വനിത കമ്മീഷൻ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നടത്തുന്ന അന്വേഷണത്തെ തടസ്സപ്പെടുത്താൻ ശ്രമമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ. അന്വേഷണം നടത്താനുള്ള ഹൈക്കോടതി ഉത്തരവിനെതിരേ നിർമാതാവ് സജിമോൻ പാറയിൽ നൽകിയ ഹർജി ഇതിന്റെ ഭാഗമാണെന്നും കമ്മീഷൻ ആരോപിച്ചു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിലാണ് സംസ്ഥാന വനിത കമ്മീഷൻ നിലപാട് വ്യക്തമാക്കിയത്.

ഇരകളുടെയും പ്രതികളുടെയും സ്വകാര്യത സംരക്ഷിച്ച് കൊണ്ടുള്ള അന്വേഷണമാണ് നടത്തേണ്ടതെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിലെ അന്വേഷണം ഇരകളുടെയും പ്രതികളുടെയും സ്വകാര്യത ലംഘിക്കുന്നതല്ലെന്നും സംസ്ഥാന വനിത കമ്മീഷൻ സുപ്രീംകോടതിയെ അറിയിച്ചു.

അന്വേഷണത്തിനെതിരേ സജിമോൻ പാറയലിന് സുപ്രീംകോടതിയെ സമീപിക്കാൻ നിയമപരമായ അവകാശമില്ലെന്നും സംസ്ഥാന വനിത കമ്മീഷൻ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ അന്വേഷണം എങ്ങനെയാണ് സജിമോൻ പാറയലിനെ ബാധിക്കുന്നതെന്ന് അദ്ദേഹം സുപ്രീംകോടതിയിൽ വ്യക്തമാക്കിയിട്ടില്ല. വസ്തുതകൾ തെറ്റായി വിശദീകരിച്ച് സുപ്രീം കോടതിയിൽനിന്ന് അനുകൂല ഉത്തരവിനായി സജിമോൻ ശ്രമിക്കുന്നുവെന്നാണ് കമ്മീഷന്റെ ആരോപണം. ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഉന്നയിച്ച ആവശ്യമല്ല സജിമോൻ സുപ്രീംകോടതിയിൽ ഉന്നയിച്ചതെന്നും വനിത കമ്മീഷന്റെ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത 18 കേസുകളിൽ പ്രതികളെ കണ്ടെത്താൻ അന്വേഷണം നടക്കുന്നുവെന്ന് സംസ്ഥാന സർക്കാർ കഴിഞ്ഞ ദിവസം സുപ്രീംകോടതിയെ അറിയിച്ചിരുന്നു. മറ്റ് 8 കേസുകളിലെ പ്രതികളുടെ പേര് എഫ്ഐആറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ 40 സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനാണ് പ്രത്യേക അന്വേഷണ സംഘം തീരുമാനിച്ചത്. സംസ്ഥാന പോലീസ് മേധാവി നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ 26 കേസുകളാണ് നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഹേമ കമ്മിറ്റിക്ക് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കേസുമായി മുന്നോ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ചരിത്ര മുഹൂർത്തങ്ങളുടെ അത്യപൂർവ ഫോട്ടോ പ്രദർശനം ഇന്നു മുതൽ

തൃശൂർ: ആദ്യ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ തിരുവനന്തപുരത്തേക്കു പോകാൻ റെയിൽവേ സ്റ്റേഷനിൽ സകുടുംബം ട്രെയിൻ കാത്തു നിൽക്കുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട്. പത്നി കല്യാണിക്കുട്ടിയമ്മയുടെ വേർപാടിൽ മനംനൊന്ത് വാവിട്ടു കരയുന്ന മുൻ മുഖ്യമന്ത്രി ലീഡർ കെ. കരുണാകരനെ സാന്ത്വനിപ്പിക്കുന്ന മകൻ മുരളീധരൻ. ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളെ ഒപ്പിയെടുത്ത അത്യപൂർവ വാർത്താ ഫോട്ടോകൾ.

ലോക്കപ്പിന്റെ ഇരുമ്പുകമ്പി ഗ്രില്ലിൽ കാലുകൾ നിലത്തു തൊട്ടനിലയിൽ തൂങ്ങിക്കിടന്ന കുഞ്ഞിവി പോലീസ് പറഞ്ഞിരുന്നതുപോലെ തൂങ്ങിമരിച്ചതല്ലെന്നും കെട്ടിത്തൂക്കിയതാണെന്നും തെളിയിക്കുന്ന അത്യപൂർവ ഫോട്ടോ.

ഏറെക്കാലത്തെ ഒളിജീവിതത്തിനുശേഷം പോലീസ് അറസ്റ്റു ചെയ്ത് ജനങ്ങൾക്കു മുന്നിൽ പ്രദർശിപ്പിക്കുന്ന പഴയ നക്സൽ നേതാവ് അജിത. മുഖ്യമന്ത്രിസ്ഥാനം രാജിവച്ചശേഷം തൃശൂർ തേക്കിൻകാട് മൈതാനിയിൽ നിലത്തിരിക്കുന്ന സി. അച്യുതമേനോൻ. അനന്തമായ കാറി മടകൾക്കിടയിലെ വരമ്പുറോഡിലൂടെ പാറക്കല്ലുകൾ നിറച്ച ലോഡുമായി പോകുന്ന ലോറിയുടെ ആകാശക്കാഴ്ച. 1992 ഡിസംബർ ആറിനു അയോധ്യയിൽ ബാബറി മസ്ജിദിനു മുകളിൽ തകർക്കുന്ന കർസേവകർ.

സീനിയർ ജേണലിസ്റ്റ്സ് ഫോറം കേരള 12-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ഇന്ന് (വെള്ളി) ആരംഭിക്കുന്ന 'ബ്രില്ല്യന്റ് ഫ്ളാഷസ്' ന്യൂസ് ഫോട്ടോ പ്രദർശനത്തിലാണ് ചരിത്ര മുഹൂർത്തങ്ങളെ ഒപ്പിയെടുത്ത ഈ വാർത്താചിത്രങ്ങൾ. പ്രഗൽഭരായ 67 ന്യൂസ് ഫോട്ടോഗ്രാഫർമാർ പകർത്തിയ വാർത്താ ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്.

ഫോട്ടോ പ്രദർശനം ഇന്നു വൈകുന്നേരം 4ന് പത്മശ്രീ കലാമണ്ഡലം ഗോപി ഉദ്ഘാടനം ചെയ്യും. എ.ആർ. ജോൺസൺ നഗറിൽ നടക്കുന്ന ചടങ്ങിൽ മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ് അധ്യക്ഷനാകും. മുതിർന്ന ഫോട്ടോഗ്രഫർ കെ.കെ. രവിയെ വി. എസ്. സുനിൽകുമാർ ആദരിക്കും. മുൻ മേയർ ഐ.പി. പോൾ, തൃശൂർ പ്രസ് ക്ലബ് പ്രസിഡന്റ് എം.ബി. ബാബു, സെക്രട്ടറി രഞ്ജിത് ബാലൻ, കോ ഓഡിനേറ്ററും സീനിയർ ഫോട്ടോഗ്രഫറുമായ പി. മുസ്തഫ തുടങ്ങിയവർ പ്രസംഗിക്കും. ഞായറാഴ്ചവരെ പ്രദർശനം തുടരും.

സമ്മേളനത്തിന്റെ ഭാഗമായുള്ള മീഡിയാ സെമിനാർ ശനിയാഴ്ച ഉച്ചയ്ക്കു രണ്ടരയ്ക്ക് ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 5നു മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.

## സിവിൽ ലൈൻ പാർക്കിൽ ഇനി കൊച്ചുവായനശാലയും

തൃശൂർ: അയ്യന്തോൾ സിവിൽ ലൈൻ പാർക്കിൽ ഇനി പത്രങ്ങൾ, വാരികകൾ, പുസ്തകങ്ങൾ എന്നിവ വായിക്കാനും സൗകര്യം. സിവിൽ ലൈൻ പാർക്ക് വാക്കേഴ്സ് ക്ലബും, യോഗ ക്ലബ്ബും ചേർന്നാണ് പാർക്കിൽ വായനാ സൗകര്യം കൂടി ഒരുക്കിയിട്ടുള്ളത്.

കുട്ടികൾക്കു കളിക്കുന്നതിനും, മുതിർന്നവർക്ക് വ്യായാമം ചെയ്യുന്നതിനും, മഴയും വെയിലും കൊള്ളാതെ നടക്കാനും, യോഗ പരിശീലനത്തിനും, സംഗീതം ആസ്വദിക്കാനും ഇപ്പോൾ പാർക്കിൽ സൗകര്യം ഉണ്ട്.

രാവിലെ 6 മുതൽ 10 വരെയും, വൈകുന്നേരം 5 മുതൽ 8 വരെയും പാർക്കിൽ സൗജന്യ പ്രവേശനം ഉണ്ട്

## ഉത്രം മഹോത്സവം, കലശാഭിഷേകം

ഇരിങ്ങാലക്കുട: തളിയക്കോണം പഞ്ചിക്കാട് ശ്രീശാസ്താ ക്ഷേത്രത്തിലെ ഉത്രം മഹോത്സവം കലശാഭിഷേകം എന്നിവ ഈ മാസം 23, 24, 25 തിയ്യതികളിൽ ആഘോഷിക്കും. 23 ന് വൈകുന്നേരം വിവിധ കലാപരിപാടികൾ 24 ന് വൈകിട്ട് 6 ന് തിരുവാതിരക്കളി, ഓണക്കളി. 25 ന് രാവിലെ 10 മുതൽ 12 വരെ അവിട്ടത്തൂർ ശ്രീജിത്തും പാർട്ടിയും അവതരിപ്പിക്കുന്ന പഞ്ചാരിമേളം നടക്കും. തുടർന്ന് അന്നദാനം. കാഴ്ച ശീവേലി വൈകുന്നേരം മേണി മുതൽ പാണ്ടിമേളം എന്നിവിയും നടക്കും. മഹോത്സവത്തിന്റെ നടത്തിപ്പിന് വേണു കീരത്ത്, സോമനാഥ് പുളിയത്തു പറമ്പിൽ രക്ഷാധികാരികളും ഷാജൻ പുളിപറമ്പിൽ പ്രസിഡണ്ട്, അജിത്ത് കുമാർകീരത്ത് സെക്രട്ടറി, ശിവദാസൻ നീലങ്ങാട്ടിൽ ട്രഷറർലോഹിതാക്ഷൻ ആലേക്കാട്ട് ജനറൽ കൺവീനർ എന്നിവരടങ്ങുന്ന കമ്മറ്റി പ്രവർത്തിച്ചുവരുന്നു

# അത്യാധുനിക സീരീസ് 4 ഹോം ലിഫ്റ്റുകളുമായി നിബവ് ലിഫ്റ്റ്സ്

കൊച്ചി, നവംബർ 2024: ഇന്ത്യയിലെ ഏറ്റവും വലിയ ഹോം ലിഫ്റ്റ് ബ്രാൻഡായ നിബവ് ലിഫ്റ്റ്സ് അത്യാധുനിക സാങ്കേതിവിദ്യയോടു കൂടിയ സീരീസ് 4 ഹോം ലിഫ്റ്റുകൾ കൊച്ചിയിൽ അവതരിപ്പിച്ചു. പുതിയ സാങ്കേതികവിദ്യയ്ക്കൊപ്പം വേറിട്ട് നിൽക്കുന്ന രൂപകൽപ്പനയിലും മികച്ച ഫീച്ചറുകളിലുമെത്തുന്ന സീരീസ് 4 ഹോം ലിഫ്റ്റുകൾ കൊച്ചിൻ ഉപഭോക്തക്കൾക്ക് പുതിയ ആഡംബര അനുഭവം നൽകുന്നതാണ്. എഐ ക്യാബിൻ ഡിസ്പ്ലേ, സ്വയംപ്രവർത്തിക്കുന്ന എൽഒപി ഡിസ്പ്ലേ, സുഗമമായ ലാൻഡിങ് സാധ്യമാക്കുന്ന മികച്ച പ്രവർത്തന കാര്യക്ഷമതയുള്ള ലിഡാർ 2.0 ടെക്നോളജി തുടങ്ങിയവയുള്ള നിബവ് സീരീസ് 4 ലിഫ്റ്റുകൾ ഹോം എലിവേറ്റർ രംഗത്ത് വിപ്ലവമാണ്. മിഡ്നൈറ്റ് ബ്ലാക്ക് പതിപ്പിൽ ലഭിക്കുന്ന ഈ ലിഫ്റ്റ് ഏറ്റവും കൂടുതൽ വിശാലതയുള്ള എയർ ലിഫ്റ്റ് കൂടിയാണ്. ആംബിയന്റ് ലൈറ്റിങ്, ന്യൂസിലാൻഡ് വൂൾ കാർപ്പെറ്റ്, സ്റ്റാർലൈറ്റ് സീലിങ്, ലെതർ ഫിനിഷിലുള്ള ഇന്റീരിയർ എന്നിവയും ഈ ലിഫ്റ്റിന്റെ സവിശേഷതയാണ്. പ്രമുഖ ഉപഭോക്താക്കളുടെ നേതൃത്വത്തിൽ നിബവ് ഹോം ലിഫ്റ്റിലെ മുതിർന്ന മാനേജ്മെന്റ് പങ്കെടുത്ത അനാച്ഛാദന ചടങ്ങ് ബ്രാൻഡിന്റെ മുൻനിര കൊച്ചിൻ എക്സ്പീരിയൻസ് സെന്ററിൽ നടന്നു

## പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികളുടെ വൈദ്യപരിശോധന നവംബർ 27 ന്

തൃശൂർ: പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പത്തനംതിട്ട ജില്ലാ ഓഫീസർ നവംബർ 26 ന് നൽകിയ അഡ്വൈസ് മെമ്മോയിലെ അഡ്വൈസ് നമ്പർ 126/226 മുതൽ 226/226 വരെയുള്ള ഉദ്യോഗാർത്ഥികളുടെ വൈദ്യപരിശോധന നവംബർ 27 ന് കെ.എ.പി.3 ബാറ്റലിയന്റെ പരുത്തിപാറ ആസ്ഥാന കാര്യാലയത്തിൽ നടക്കും. ഉദ്യോഗാർത്ഥികൾ നവംബർ 27 ന് രാവിലെ 7 ന് ആവശ്യമായ രേഖകൾ സഹിതം ബറ്റാലിയന്റെ ആസ്ഥാനകാര്യാലയത്തിൽ ഹാജരാകണം. ഇത് സംബന്ധിച്ചു വ്യക്തിഗത അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് അയച്ചിട്ടുണ്ട്. അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ അടൂർ പരുത്തിപ്പാറയിലുള്ള കെ.എ.പി.3 ബറ്റാലിയന്റെ ആസ്ഥാന കാര്യാലയവുമായി ബന്ധപ്പെടണം. ഫോൺ: 04734 217172.

## ടെണ്ടർ ക്ഷണിച്ചു

തൃശൂർ: വനിത ശിശുവികസന വകുപ്പിനു കീഴിലുള്ള കൊടകര അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ 121 അങ്കണവാടികളിലേക്ക് 2023-24 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കണ്ടിജൻസി ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഡി.9 ന് ഉച്ചക്ക് 2ന് മുൻപ് ലഭിക്കണം. ഫോൺ: 0480 2727990.

# ശമ്പള - പെൻഷൻ പരിഷ്ക്കരണ കമ്മീഷനെ ഉടൻ നിയമിക്കുക: തേറമ്പിൽ രാമകൃഷ്ണൻ

തൃശൂർ: 2024 ജൂലൈ മുതൽ പ്രാബല്ല്യത്തിൽ വരേണ്ട ശമ്പള - പെൻഷൻ പരിഷ്ക്കരണ കമ്മീഷനെ ഇത് വരെയും സർക്കാർ നിയമിച്ചിട്ടില്ല. ഉടൻ നിയമിക്കണമെന്നും തടഞ്ഞു വെച്ച 6 ഗഡു ക്ഷാമാശ്വാസം ഉടൻ അനുവദിക്കണമെന്നും അനുവദിച്ച ക്ഷാമാശ്വാസത്തിലെ 79 മാസത്തെ കുടിശ്ശിക പെൻഷൻകാർക്ക് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ തൃശൂർ നിയോജകമണ്ഡലം 40-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ പ്രസിഡന്റ് കനകപ്പിള്ളി ഗോപിനാഥൻ അധ്യക്ഷത വഹിച്ചു. കെ.ജി. ഉണ്ണികൃഷ്ണൻ, ഡേവിഡ് സ്റ്റീഫൻ, പി.ആർ. സത്യനാഥൻ, ഐ. മുഹമ്മദ് മാസ്റ്റർ, പി.എസ്.സുന്ദരൻ, എ.ജി.നാരായണൻ, വി.സി. ജോൺസൺ, ടിഎം. കുഞ്ഞുമൊയ്തീൻ, കെ.മോഹന സുതർ, കെ.പി. രാധാകൃഷ്ണൻ, ജെസ്സി തരകൻ, എ.എസ്. നാദിറ, എൻ. ഡി. ഈനാശു, എം. ഒ. ഡെയ്സൺ, പി.കെ.ജയപ്രകാശ്, സുധീർ, യു.എസ്മോഹനൻ, കൊച്ചുത്രേസ്യാ ജെ. മുരിങ്ങാത്തേരി തുടങ്ങിയവർ സംസാരിച്ചു. ട്രഷറർ കെ രാധാകൃഷ്ണൻ നന്ദി പറഞ്ഞു.

പുതിയ ഭാരവാഹികളായി കനകപ്പിള്ളി ഗോപിനാഥൻ-പ്രസിഡന്റ്, പി.കെ.രാധാകൃഷ്ണൻ-സെക്രട്ടറി, സി.എ. പീറ്റർ-ട്രഷറർ തുടങ്ങിയവരെ തെരഞ്ഞെടുത്തു.

# ഗുരുവായൂർ ഏകാദശി: കനറ ബാങ്ക് വിളക്ക് ശനിയാഴ്ച

ഗുരുവായൂർ: ക്ഷേത്രത്തിൽ ഏകാദശിയുടെ ഭാഗമായി ശനിയാഴ്ച കനറാ ബാങ്കിന്റെ വിളക്കാഘോഷം നടക്കും. സമ്പൂർണ്ണ നെയ് വിളക്കായാണ് ആഘോഷങ്ങളെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. രാവിലെ പെരുവനം സതീശൻ മാരാരുടെ നേതൃത്വത്തിൽ മേളത്തോടെ കാഴ്ച്ചശീവേലി. ഉച്ച തിരിഞ്ഞുള്ള കാഴ്ച്ചശീവേലിക്ക് ചോറ്റാനിക്കര സുഭാഷ് മാരാർ നയിക്കുന്ന പഞ്ചവാദ്യം അകമ്പടിയാകും.

വിളക്കെഴുന്നള്ളിപ്പിന് കൊമ്പൻ ഇന്ദ്രസെൻ കോലമേറ്റും. വൈകീട്ട് 5.30 ന് ഗുരുവായൂർ മുരളിയുടെ നാഗസ്വരം. 6.30 ന് കല്ലൂര ഉണ്ണികൃഷ്ണൻ, മണ്ണാർക്കാട് ഹരിദാസ് എന്നിവരുടെ തായമ്പക. കലാപരിപാടികൾക്ക് തുടക്കം കുറിച്ച് ബാങ്ക് മണ്ഡപത്തിൽ തിരുവനന്തപുരം സർക്കിൾ ജനറൽ മാനേജർ കെ.എസ്. പ്രദീപ് ദീപം തെളിയിക്കും. തുടർന്ന് കലാമണ്ഡലം രാജന്റെ കേളി. മേൽപുത്തൂർ ഓഡിറ്റോറിയത്തിൽ മാനേജർ പി. വിനോദ് കുമാർ ദീപം തെളിക്കും.

വൈകീട്ട് 6.30 ന് വയലിൻ കച്ചേരി, 8.30 ന് ഭക്തിഗാനമേള. കമ്മറ്റി ഭാരവാഹികളായ പി. വിനോദ് കുമാർ, കെ.എസ്. ശ്രീദേവി, ജി. രാജേഷ്, സി.എ. ഷാജൻ, അരുൺ അശോക്, എം.എസ്. ഭാസ്ക്കരൻ എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

# കേരള സ്റ്റേറ്റ് ചെസ്സ് ഇൻ സ്കൂൾ ചാംപ്യൻഷിപ്പ് നവംബർ 23, 24 തീയതികളിൽ

ഇരിങ്ങാലക്കുട : നവംബർ 23, 24 തീയതികളിൽ ഇരിങ്ങാലക്കുടയിൽ നടക്കുന്ന സംസ്ഥാന ചെസ്സ് ചാമ്പ്യൻഷിപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ചെസ്സ് അസോസിയേഷൻ കേരളയുടെ നേതൃത്വത്തിൽ ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ സെന്റ് ജോസഫ്സ് കോളേജിൽ നടക്കുന്ന മൽസരങ്ങൾ ക്ലബ് 318 ഡി ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പില ഉദ്ഘാടനം ചെയ്യും. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 500 ഓളം കളിക്കാർ ടൂർണമെന്റിൽ പങ്കെടുക്കുമെന്ന് ചെസ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പീറ്റർ ജോസഫ്, ലയൺസ് ക്ലബ് പ്രസിഡണ്ട് ബിജു ജോസ് കൂനൻ, കോ-ഓർഡിനേറ്റർ പോൾ തോമസ് മാവേലി, സോൺ ചെയർപേഴ്സൺ അഡ്വ ജോൺ നിധിൻ തോമസ് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. പന്ത്രണ്ട് വിഭാഗങ്ങളിലായി നടക്കുന്ന മൽസരങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ ദേശീയ ചെസ്സ് ഇൻ സ്കൂൾ മൽസരങ്ങളിൽ കേരളത്തെ പ്രതിനിധീകരിക്കും. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും ട്രോഫികളും സമ്മാനിക്കുമെന്നും സംഘാടകർ അറിയിച്ചു.

# ശിൽപ്പശാല സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ചുള്ള സുസ്ഥിര പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, സെന്റ് ജോസഫ്സ് കോളേജിലെ സുവോളജി വിഭാഗം 'ചാണകത്തിൽ നിന്നുള്ള പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ ഉച്ചയ്ക്ക് ഒരു മണിയോടെ സുവോളജി ലാബിൽ ശിൽപ്പശാല സംഘടിപ്പിച്ചു. പരിസ്ഥിതി സംരക്ഷണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്ന കമ്പോസ്റ്റ്, വിളക്കുകൾ, കൊതുകുതിരി തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പങ്കാളികൾ പഠിച്ചു. പരിസ്ഥിതി സൗഹൃദ സംരംഭങ്ങളുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്ന പരിപാടിയിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആവേശകരമായ പങ്കാളിത്തം ശില്പശാലക്ക് ഊർജം പകർന്നു.

# മാനവ സഞ്ചാരം നവംബർ 24 ന് തൃശൂരിലെത്തും

തൃശൂർ: സാമൂഹിക സൗഹൃദം ശക്തിപ്പെടുത്താനും മാനവിക വിചാരങ്ങളെ ഉണർത്തലും ലക്ഷ്യമിട്ട് എസ് വൈ എസ് സംഘടിപ്പിക്കുന്ന മാനവ സഞ്ചാരം നവംബർ 24 ന് തൃശൂരിലെത്തും. നവംബർ16 ന് കാസർകോട്ട് നിന്ന് ആരംഭിച്ച മാനവ സഞ്ചാരം എസ് വൈ എസ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എ പി അബ്ദുൽ ഹകീം അസ്ഹരിയാണ് നയിക്കുന്നത്. യാത്ര ഡിസംബർ 1 ന് തിരുവനന്തപുരത്ത് സമാപിക്കും. സ്നേഹവും സാഹോദര്യവും കുറയുന്ന സമൂഹം ദുർബലമാകുകയും അത് അപകടകരമായ ചലനങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സമൂഹത്തിൽ ഊഷ്മളമായ സൗഹൃദങ്ങൾ സ്ഥാപിക്കാനും വർഗീയ വിജ്ഞന ആശയങ്ങൾക്കെതിരെ ജനകീയ പ്രതിരോധം ഒരുക്കാനും ലക്ഷ്യമിട്ടാണ് മാനവ സഞ്ചാരം നടത്തുന്നത്.

ഞായറാഴ്ച തൃശൂരിലെത്തുന്ന മാനവ സഞ്ചാരത്തിന്റെ പ്രോഗ്രാമുകൾ രാവിലെ നടക്കുന്ന പ്രഭാത സവാരിയോടെയാണ് ആരംഭിക്കുക. ഒൻപത് കേന്ദ്രങ്ങളിൽ എസ് വൈ എസ് സംസ്ഥാന നേതാക്കളുടെ നേതൃത്വത്തിലാണ് ഏർളി ബേർഡ്സ് എന്ന പേരിലുള്ള പ്രഭാത നടത്തം സംഘടിപ്പിക്കുന്നത്. രാവിലെ 10 മണിക്ക് സംരംഭകർ, പ്രൊഫഷണലുകൾ എന്നിവരുമായുള്ള ടേബിൾ ടോക് ഹയാത്ത് റീജൻസിയിൽ നടക്കും. 11.30 ന് യുവജന സംഘടന പ്രതിനിധികൾ,സാമൂഹിക - സാംസ്കാരിക പ്രവർത്തകർ എന്നിവരുമായുള്ള കൂടിക്കാഴ്ച ശോഭ സിറ്റിയിലെ ക്ലബ് ഹൗസിൽ നടക്കും. ഉച്ചക്ക് 12.30 ന് മീഡിയ മീറ്റും 2 മണിക്ക് പ്രാസ്ഥാനിക സംഗമവും നടക്കും. വൈകീട്ട് 4 മണിക്ക് മാനവികതയുടെ സന്ദേശങ്ങളുയർത്തി സൗഹൃദ നടത്തം ഉണ്ടാകും. നടുവിലാലിൽ നിന്ന് ആരംഭിച്ച് സ്വരാജ് റൗണ്ട് ചുറ്റി ഇ.എം.എസ് സ്കയറിൽ സമാപിക്കും. മത,സാമൂഹിക,രാഷ്ട്രീയ മേഖലകളിലുള്ളവർ സൗഹൃദ നടത്തത്തിൽ പങ്കുചേരും. വൈകീട്ട് 5 മണിക്ക് ഇ.എം.എസ് സ്കയറിൽ നടക്കുന്ന മാന വസംഗമം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും. സ്വാഗത സംഘം ചെയർമാൻ പി ബാലചന്ദ്രൻ എം എൽ എ അധ്യക്ഷത വഹിക്കും. യാത്രാ നായകൻ എസ് വൈ എസ് സംസ്ഥാന ജനറൽസെക്രട്ടറി ഡോ എ.പി അബ്ദുൽ ഹകീം അസ്ഹരി സന്ദേശ പ്രഭാഷണംനടത്തും. സംസ്ഥാന പ്രസിഡണ്ട് സയ്യിദ് ത്വാഹ സഖാഫി കുറ്റ്യാടി ആമുഖ ഭാഷണം നിർവ്വഹിക്കും. സമസ്ത മുശാവറ അംഗങ്ങളായ താഴപ്ര മുഹ്യദ്ദീൻകുട്ടി മുസ്ലിയാർ,പി എസ് കെ മൊയ്തു ബാഖവി,മലങ്കര ഓർത്തോഡോക്സ് സഭ തൃശൂർ ഭദ്രാസനാധിപൻ ഫാദർ റെജി,ശ്രീമദ് സ്വാമി ബ്രഹ്മ സ്വരൂപാനന്ദ,തൃശൂർ മേയർ എം കെ വർഗീസ്,എം എൽ എമാരായ എ സി മൊയ്തീൻ, ഇ ടി ടൈസൺ മാസ്റ്റർ,എൻ കെ അക്ബർ,മുരളി പെരുനെല്ലി,സി സി മുകുന്ദൻ,വി ആർ സുനിൽ കുമാർ,സനീഷ് കുമാർ ,കെ പി സി സി വർക്കിങ് പ്രസിഡൻറ് ടി.എൻ പ്രതാപൻ,സി.പി.ഐ.എം ജില്ലാ സെക്രട്ടറി എം.എം വർഗീസ്,സി.പി.ഐ ജില്ലാ സെക്രട്ടറി കെ.കെവത്സരാജ്,മുൻ മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാർ,കെ പി സി സി സെക്രട്ടറി സി സി ശ്രീകുമാർ,മുസ്ലീം ലീഗ് ജില്ലാ പ്രസിഡൻറ് സി.എ റഷീദ്,മുൻ ഡി സി സി പ്രസിഡൻറ് ജോസ് വള്ളൂർ, ഡി സി സി സെക്രട്ടറി ശോഭാ സുബിൻ, പാറമേക്കാവ് പ്രസിഡണ്ട് ഡോ.എം ബാലഗോപാൽ, തിരുവമ്പാടി സെക്രട്ടറി ഗിരീഷ് കുമാർ,കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർമാരായ എം.ബി മുരളീധരൻ, പ്രേംരാജ് ചൂണ്ടലത്ത്,പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ,പെൻകോ ബക്കർ

എന്നിവർ സംസാരിക്കും.

മനുഷ്യ ബന്ധങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വിടവുകൾ സൃഷ്ടിക്കുന്ന സങ്കീർണതകളെ സംബന്ധിച്ച് ഓർമപ്പെടുത്താനും സുസ്ഥിരമായ സാമൂഹിക ഭാവിക്കുവേണ്ടി കേരളീയ സമൂഹത്തെ സജ്ജമാക്കാനും ലക്ഷ്യമിട്ടുള്ള ആശയപ്രചരണങ്ങളും പരിപാടികളും മാനവ സഞ്ചാരത്തിന്റെ ഭാഗമായി നടക്കുന്നുണ്ട്.

മാനവ സഞ്ചാരത്തിന്റെ മുന്നോടിയായി ജില്ലയിലെ 300 ഗ്രാമങ്ങളിൽ സൗഹൃദ ചായ എന്ന പേരിൽ സൗഹൃദ സംഗമങ്ങൾ നടക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ,ചരിത്ര സ്ഥലങ്ങൾ, തൊഴിൽശാലകൾ, വ്യവസായ കേന്ദ്രങ്ങൾ, ചേരിപ്രദേശങ്ങൾ,ആശുപത്രികൾ,വയോജന കേന്ദ്രങ്ങൾ തുടങ്ങി സമൂഹത്തിലെ നാനാതുറകളിലുള്ള സംവിധാനങ്ങളും സംരഭങ്ങളുമായുള്ള സമ്പർക്ക പരിപാടികളും സാംസ്കാരിക നായകർ, രാഷ്ട്രീയ നേതാക്കൾ, സാഹിത്യകാരൻമാർ, വ്യവസായികൾ, പ്രൊഫഷണലുകൾ, സംരംഭകർ,സാമൂഹിക പ്രവർത്തകർ,മതനേതാക്കൾ,യുവജന സംഘടന പ്രതിനിധികൾ, ആക്ടിവിസ്റ്റുകൾ, സാമുദായിക നേതാക്കൾ തുടങ്ങിയ സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുമായുള്ള സ്നേഹ സംവാദവും മാനവ സഞ്ചാരത്തിന്റെ ഭാഗമായി നടക്കും. കേരള മുസ്ലീം ജമാഅത്ത് ജില്ലാ പ്രസിഡൻറ് സയ്യിദ് ഫസൽ തങ്ങൾ,എസ് വൈ എസ് സംസ്ഥാന സെക്രട്ടറി എം എം ഇബ്രാഹിം,സ്വാഗതസംഘം കൺവീനർ ഹമീദ് തളിയപാടത്ത്,എസ് വൈ എസ് ജില്ലാ സെക്രട്ടറി ഷമീർ എറിയാട്,പ്രോഗ്രാം കോ ഓർഡിനേറ്റർ നിസാർ മാസ്റ്റർ കോതച്ചിറ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## തൃശൂർ പൂരം അലങ്കോലപ്പെടുത്തിയത് സർക്കാരും കൊച്ചി ദേവസ്വം ബോർഡും

തൃശൂർ: ക്ഷേത്ര ഭരണത്തിലും സംവിധാനങ്ങളിലും സർക്കാരിന്റെ കൈകടത്തൽ അവസാനിപ്പിക്കണമെന്ന് സമൂഹം ആവശ്യപ്പെടുന്ന കാലഘട്ടത്തിൽ ദുരുദ്ദേശപരമായ ലക്ഷ്യങ്ങളോടെയാണ് കൊച്ചിൻ ദേവസ്വം ബോർഡും സർക്കാരും കഴിഞ്ഞ കുറെ വർഷങ്ങളായി തൃശൂർ പൂരം നടത്തിപ്പിന് നിരവധി പ്രതിസന്ധികൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. വടക്കുന്നാഥ ക്ഷേത്ര മൈതാനത്തിന്റെ തറവാടക ഭീമമായി ഉയർത്തിയതും ആനയെഴുന്നള്ളിപ്പ്, വെടിക്കെട്ട് തുടങ്ങിയ പൂരത്തിന്റെ ചടങ്ങുകൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതും സർക്കാരിന്റെ ശത്രുതാപരമായ നിസ്സഹകരണത്തിനു തെളിവാണ്. പൂരപ്രേമികളെയും ക്ഷേത്ര വിശ്വാസികളെയും വേദനിപ്പിച്ചു കൊണ്ട് കേരളത്തിന്റെ സാംസ്കാരിക ബിംബങ്ങളിലെ ഏറ്റവും ഉന്നതമായ തൃശൂർ പൂരത്തെ അലങ്കോലപ്പെടുത്തുകയും മുടക്കുകയും ചെയ്യുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള സർക്കാരിനും കൊച്ചി ദേവസ്വം ബോർഡിനുമാണെന്ന് സമിതി തൃശൂർ ജില്ലാ കമ്മിറ്റി പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

# രണ്ടായിരത്തോളം തൊഴിൽ അവസരങ്ങളുമായി ഇരിങ്ങാലക്കുടയിൽ നവംബർ 23 ന് മെഗാതൊഴിൽ മേള

ഇരിങ്ങാലക്കുട : തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആന്റ് എംപ്ലോയബിലിറ്റി സെന്ററിന്റെയും സെന്റ് ജോസഫ്സ് കോളേജിലെ എച്ച്ആർഡി സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇരിങ്ങാലക്കുടയിൽ മെഗാ തൊഴിൽ മേള നടത്തുന്നു.

23 ന് സെന്റ് ജോസഫ്സ് കോളേജിൽ നടക്കുന്ന മേള ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ഷാജു ലോനപ്പൻ, കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ബ